# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 17, വെള്ളിയാഴ്ച

**നമ്പർ 110**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഒരെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ 15-3-2023-ന് ബഹു. സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് പോലീസ് കേസ് എടുത്തതിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് ചോദ്യോത്തര വേള റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

ശ്രദ്ധ ക്ഷണിക്കൽ :

(1) 2018 വർഷത്തിൽ 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകം പരിഷ്കരിച്ചത് മൂലം സ്കൂൾ സൊസൈറ്റികൾക്കുണ്ടായ സാമ്പത്തിക ബാധ്യത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ബി. ഗണേഷ് കുമാർ നോട്ടീസ് നൽകിയിരുന്ന ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

KNPP.414/2023(i)

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. വി. ശ്രീനിജൻ | കൊച്ചി കോർപ്പറേഷൻ മേയർക്കും ജീവനക്കാർക്കും നേരെയുള്ള ആക്രമണം. | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. നൗഷാദ് | ഇരവിപുരം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം | മുഖ്യമന്ത്രി |
| 3 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | മുണ്ടത്തിക്കോട് പ്രദേശത്തെ പുലിശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4 | ശ്രീമതി ശാന്തകുമാരി കെ. | പുറാട്ടുനാടക കല സംരക്ഷണത്തിനും പ്രോത്സാഹനത്തിനും മണ്ണൂരിൽ പഠന ഗവേഷണ കേന്ദ്രം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

(i) 2022 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(ii) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

[പ്രതിപക്ഷ ബഹളം കാരണം സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാത്തതിനാൽ കാര്യ വിവരപ്പട്ടികയനുസരിച്ചുള്ള അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

2023 മാർച്ച് 20- ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 09.10 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eighth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, March 17, 2023.*

**No. 110**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

One Question in the list of Questions posted for the day was answered orally.

**[**At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings of the House protesting against the case registered by Police on the scuffle outside Speaker's Chamber on 15-3-2023. Since the proceedings couldn’t be carried forward smoothly, the Speaker informed the House that the rest of the Question Hour stands cancelled.**]**

*Calling Attention :*

1. Shri K. B. Ganesh Kumar called the attention of the Minister for General Education and Labour to the necessity to solve the financial liabilities incurred by the school societies due to the revision of school text books of $9^{th}$ and $10^{th}$ standards during 2018, for which the Minister for General Education and Labour laid on the table a statement.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

*The Matters under Rule 304:*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

KNPP.414/2023(ii)

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. വി. ശ്രീനിജൻ | കൊച്ചി കോർപ്പറേഷൻ മേയർക്കും ജീവനക്കാർക്കും നേരെയുള്ള ആക്രമണം. | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. നൗഷാദ് | ഇരവിപുരം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം | മുഖ്യമന്ത്രി |
| 3 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | മുണ്ടത്തിക്കോട് പ്രദേശത്തെ പുലിശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4 | ശ്രീമതി ശാന്തകുമാരി കെ. | പുറാട്ടുനാടക കല സംരക്ഷണത്തിനും പ്രോത്സാഹനത്തിനും മണ്ണൂരിൽ പഠന ഗവേഷണ കേന്ദ്രം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |

*Presentation of Reports* :

(i) Reports of Subject Committee—IX on The Kerala Panchayat Raj (Amendment) Bill, 2022 and The Kerala Municipality (Amendment) Bill, 2022.

(ii) The Seventh to Ninth reports of the Committee on Environment were presented.

**[**Since the proceedings couldn’t be carried forward smoothly due to the protest from the Opposition, the Speaker informed the House that the Private Members’ Business as per the List of Business stood cancelled.**]**

The House adjourned at 09.10 a.m. to meet again at 09.00 a.m. on Monday, March 20, 2023.

A. M. BASHEER,
*Secretary.*